**ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി ഡിഗ്രി കോഴ്സ് പാസ്സായവരുടെ തൊഴിലവസരം**

147 (6757) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി ഡിഗ്രി കോഴ്സ് പാസായ തൊഴിൽ രഹിതർക്ക് ടൂറിസം മേഖലയിൽ ജോലി ലഭിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം ബിരുദധാരികൾക്ക് ജോലി ലഭിക്കുന്നതിനുവേണ്ടി പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ കഴിയുമോ എന്ന് വിശദമാക്കുമോ ;

(സി) വി.എച്ച്.എസ്.ഇ. പോലുള്ള പഠന സമ്പ്രദായങ്ങളിൽ ഈ കോഴ്സുകൂടി ഉൾപ്പെടുത്തുന്നതിനു വേണ്ടി ടൂറിസം ഡിപ്പാർട്ട്മെന്റ് മുൻകയ്യെടുക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് 6 സെമസ്റ്ററിലായി നടത്തുന്ന B.Sc ഹോസ്പിറ്റാലിറ്റി & ഹോട്ടൽ അഡ്മിനിസ്ട്രേഷൻ കോഴ്സിലെ അവസാന വർഷ വിദ്യാർത്ഥികൾക്കായി ക്യാമ്പസ് ഇന്റർവ്യൂ മുഖേന തൊഴിലവസരങ്ങൾ ഒരുക്കാറുണ്ട്. ഇതിനായി ഇന്ത്യയിലെ പ്രമുഖ ഹോട്ടൽ ഗ്രൂപ്പുകളെ ക്യാമ്പസ് ഇന്റർവ്യൂ നടത്തുന്നതിനായി ക്ഷണിക്കാറുണ്ട്. അംഗീകൃത യൂണിവേഴ്സിറ്റികളിൽനിന്ന് ഈ യോഗ്യത നേടിയവർക്ക് സർക്കാർ നിയന്ത്രണത്തിനുള്ള ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലിക്ക് അപേക്ഷിക്കാവുന്നതാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വി.എച്ച്.എസ്.ഇ.-യിൽ ഡിഗ്രി തലത്തിലുള്ള കോഴ്സുകൾ അല്ല ഇപ്പോൾ നടക്കുന്നത്. എങ്കിലും കാറ്ററിംഗ് സംബന്ധിച്ച കോഴ്സുകൾ വി.എച്ച്.എസ്.ഇ.-യിൽ ഇപ്പോൾ നടക്കുന്നുണ്ട്.

**ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ നടത്തിയ പഠനം**

148 (6758) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം മേഖലയ്ക്ക് ആവശ്യമുള്ള മാനവ വിഭവശേഷിയെക്കുറിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷമാണ്;

(ബി) പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ടൂറിസം മേഖലയ്ക്ക് ആവശ്യമുള്ള മാനവ വിഭവശേഷിയെക്കുറിച്ച് പ്രാദേശിക ടൂറിസം ഉപഗ്രഹ കണക്ക് (Regional Satellite Account) എന്ന പഠനം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ മുഖേന നടത്തിവരുന്നു.

(ബി) അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**പക്ഷിപ്പനിമൂലം ടൂറിസം മേഖലയ്ക്ക് തിരിച്ചടി**

149 (6759) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കണ്ടെത്തിയിട്ടുള്ള പക്ഷിപ്പനി ടൂറിസം സാധ്യതകളെ ഏത് തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) താറാവ് ഇറച്ചി മുഖ്യഭക്ഷണമായ കായൽ ടൂറിസത്തെ ഇതെങ്ങനെ ബാധിക്കുമെന്ന് അറിയിക്കുമോ;

(സി) ആലപ്പുഴയിലെ ഹൗസ് ബോട്ടിംഗ് മേഖലയ്ക്ക് പക്ഷിപ്പനി തിരിച്ചടിയായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ടൂറിസം മേഖലയെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിൽ ടൂറിസം വകുപ്പ് മുഖേന നിർമ്മിച്ച കെട്ടിടങ്ങൾ**

150 (6760) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ടൂറിസം വകുപ്പ് മുഖേന നിർമ്മിച്ച ആയിറ്റി ബോട്ട് ടെർമിനൽ, ഇടയിലക്കാട് ടൂറിസം ഫെസിലിറ്റേഷൻ സെന്റർ എന്നിവ കാര്യക്ഷമമായി ഉപയോഗിക്കാതെ നാശത്തിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ജില്ലയിൽ ടൂറിസവുമായി ബന്ധപ്പെട്ട് സർക്കാർ ഫണ്ടിൽ നിർമ്മിച്ച പല കെട്ടിടങ്ങളും കാര്യക്ഷമമായി ഉപയോഗിക്കാൻ കഴിയാതെ വരുന്നതെന്തുകൊണ്ടെന്ന് വിശദീകരിക്കുമോ?